പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3094 03.04.2013-ൽ മറുപടിക്ക്

## മത്സ്യമാർക്കറ്റിലെ ബയോഗ്യാസ് പ്ലാന്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ഇ.ചന്ദ്രശേഖരൻ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | കാഞ്ഞങ്ങാട് നഗരസഭയിലെ മത്സ്യ മാർക്കറ്റിൽ ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| ബി) | പ്രസ്തുത പ്ലാന്റിന് എത്ര രൂപ ചെലവായെന്നും, ആരാണ് ധനസഹായം നൽകിയതെന്നും അറിയിക്കുമോ; | ബി) | 14 ലക്ഷം രൂപ ബയോഗ്യാസ് പ്ലാന്റിന്റെ നിർമ്മാണം ഏറ്റെടുത്ത കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന് മുൻകൂറായി നൽകിയിട്ടുണ്ട്. കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡവലപ്പ്മെന്റ് കോർപറേഷനിൽ നിന്നും 12,15,011/-രൂപ നഗരസഭയ്ക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്. |
| സി) | പ്രസ്തുത പ്ലാന്റ് ഇപ്പോൾ പ്രവർത്തന ക്ഷമമാണോ ; പ്രവർത്തനക്ഷമമല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | സി) | അല്ല. നിർമ്മാണം ഏറ്റെടുത്ത ഏജൻസി പൂർത്തീകരിച്ച് നഗരസഭക്ക് കൈമാറാത്തതാണ് കാരണം. |
| ഡി) | പ്രസ്തുത പ്ലാന്റ് പ്രവർത്തനക്ഷമ മല്ലാതായതിന് ഉത്തരവാദികളായ വർക്കെതിരെ അന്വേഷണം നടത്തി നടപടി സ്വീകരിക്കുവാൻ നിർദ്ദേശം നൽകുമോ? | ഡി) | പ്രവൃത്തി അടിയന്തിരമായി പൂർത്തീകരിക്കാത്തതിനാൽ 50 ലക്ഷം രൂപ നഷ്ടപരിഹാരം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് കേരളാ ആഗ്രോ ഇൻഡസ്ട്രീസ് കോർപറേഷന് നഗരസഭ വക്കീൽ നോട്ടീസ് നൽകിയിരിക്കയാണ്. |

സെക്ഷൻ ഓഫീസർ